

# സഭ പ്രേഷിത സമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ

പരിശീലന പാഠാവലി.

10

## പാഠം 8

# സഭയും ജീവകാരുണ്യ പ്രവർത്തനങ്ങളും



"ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തുതന്നത്". (മത്താ. 25:34-36) ഈ സുവിശേഷഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താനുള്ള ക്ഷണമല്ല; പ്രത്യുത, ദരിദ്രരിലുള്ള ഈശോയുടെ സവിശേഷസാന്നിധ്യം തിരിച്ചറിഞ്ഞ് അവരെ സ്നേഹിക്കണമെന്നുള്ള അതിശക്തമായ പ്രബോധനമാണ്.

# പ്രവർത്തനനിരതമാകുന്ന വിശ്വാസം

പാപികളേയും രോഗികളേയും പീഢിതരേയും തേടിവരികയും അവർക്കു നന്മചെയ്തുകൊണ്ടു കടന്നുപോവുകയും ചെയ്ത ഈശോയുടെ മുഖം ലോകത്തിനു കാണിച്ചുകൊടുക്കാനും അവരിൽ ഈശോയുടെ മുഖം കൊണ്ട് അവരെ ആദ്ധ്യാത്മികവും ഭൗതികവുമായി ഉയർത്തുവാനും സഭ ചെയ്യുന്ന ശുശ്രൂഷകളാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾ.





സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു സുപ്രധാനം. ദൈവവചനത്തിന്റെ കാതൽ സ്നേഹമാണ്. സ്നേഹിക്കുന്നവൻ അപരന്റെ ആവശ്യങ്ങൾ സ്വന്തമെന്ന പോലെ കാണും. വേദനിക്കുന്നവരുടെ നേരെ കണ്ണടയ്ക്കാൻ അവനു സാധിക്കില്ല.

വിശ്വാസത്തിന്റെ പ്രതിഫലനമാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾ. ജീവകാരുണ്യ പ്രവർത്തനങ്ങൾ ഒരുവന്റെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടിയുള്ള നിരന്തരമായ സമർപ്പണമാണ്.

ഉദാ:- ഫാ. ഡാമിയൻ, വാ. മദർ തെരേസ തുടങ്ങിയവർ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഉജ്ജ്വല മാതൃകകളായി ശോഭിക്കുന്നു.

# സഭയുടെ ജീവകാരുണ്യ പ്രവർത്തനത്തിനടിസ്ഥാനം

ഈശോ നൽകിയ മാതൃകയും, പ്രബോധനങ്ങളുമാണു സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നത്.



ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നവനാണു നല്ല അയൽക്കാരൻ എന്ന് നല്ല സമരായന്റെ ഉപമയിലൂടെ പഠിപ്പിച്ച ഈശോ അതുപോലെ ചെയ്യുവാൻ നമ്മോടാവശ്യപ്പെടുന്നു(ലൂക്ക.10:25-37).ശ്ലീഹന്മാരും ജീവകാരുണ്യ പ്രവർത്തികൾ ചെയ്യാൻ ആദിമസഭയെ പരിശീലിപ്പിച്ചു.

# സഭയുടെ പ്രബോധനം

ജീവകാരുണ്യ പ്രവർത്തനത്തിൽ സഭയ്ക്കുള്ള പങ്കിനെ ക്കുറിച്ച് ഉദ്ബോധിപ്പിക്കുന്ന അപ്പസ്തോലിക പ്രബോധനങ്ങൾ നിരവധിയാണ്.

അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ വിശക്കുന്നവന്റേയും, വസ്ത്രം നഗ്നന്റേയും, പാദുകങ്ങൾ നിഷ്പാദുകന്റേയുമാണ് വി.—ബേസിൽ

രേരും നൊവാരും, മാതാവും ഗുരുനാഥയും, ഭൂമിയിൽ സമാധാനം, മാനവ പുരോഗതി തുടങ്ങിയ സഭയുടെ സാമൂഹിക പ്രബോധനങ്ങളിലെല്ലാം നീതിയിലും സ്നേഹത്തിലും വ്യക്തിസ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ മാനവപുരോഗതിക്കായി പരിശ്രമിക്കാൻ സഭ ആഹ്വാനം ചെയ്യുന്നു.

# സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ

1. അനാഥരും കുടുംബങ്ങളിൽനിന്ന് തിരസ്കരിക്കപ്പെട്ടവരുമായ കുട്ടികളും മുതിർന്നവരും
2. മക്കളുടെയും ബന്ധുജനങ്ങളുടേയും സാന്നിദ്ധ്യമോ, സഹായമോ ലഭിക്കാതെ ബുദ്ധിമുട്ടുന്ന വയോവൃദ്ധർ
3. രോഗികളും മരണാസന്നരും
4. അംഗവൈകല്യമുള്ളവർ
5. ബുദ്ധിമാന്ദ്യം വന്നുപോയതിന്റെ പേരിൽ അവഗണിക്കപ്പെട്ടവരും നിരാലംബരുമായവർ

6. മാനസികാരോഗ്യം നഷ്ടപ്പെട്ടവർ

7. ചൂഷണത്തിനിരയാകുന്ന സ്ത്രീകളും കുട്ടികളും.

8. എയ്ഡ്സ്, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ

9. ദരിദ്രരും ഭവനരഹിതരും

10. സമൂഹത്തിൽ അവഗണിക്കപ്പെട്ടവരും നീതി നിഷേധിക്കപ്പെട്ട വരും

11. യുദ്ധം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ മൂലം വേദനിക്കുന്നവർ.

12 .ജയിൽവാസികളും ജയിൽവിമുക്തരും അവരുടെ ആശ്രിതരും.

ചെറിയ ത്യാഗങ്ങൾ ചെയ്ത് സമാഹരിക്കുന്ന സംഭാവനകൾ നൽകിയും ആതുരാലയങ്ങളും അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളും സന്ദർശിച്ചും പ്രാർത്ഥിച്ചും നമുക്കും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കുചേരാം.



പ്രവര്‍ത്തനനിരതമാകുന്ന **വിശ്വാസം** -

**ജീവകാരുണ്യ** പ്രവര്‍ത്തനങ്ങള്‍

# ദൈവവചനം

# വായിക്കാം, ധ്യാനിക്കാം

# (മർക്കോ. 16:14-17)



# ഓർമ്മിക്കാൻ ഒരു തിരുവചനം

കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്

(യോഹ. 3:18).

# നമുക്കു പ്രാർത്ഥിക്കാം

കാരുണ്യവാനായ ഈശോയേ, രോഗികളിലും വൃദ്ധരിലും അവശതയനുഭവിക്കുന്നവരിലും അംഗവൈകല്യമുള്ളവരിലുമെല്ലാം നിന്നെ ദർശിച്ച് സഹായിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ.

# എന്റെ തീരുമാനം

**ആഡംബരവസ്തുക്കൾ വേണ്ടന്നുവച്ച് ആ പണം കൊണ്ട് പാവപ്പെട്ടവരെ ഞാൻ സഹായിക്കും.**

# സഭാപിതാക്കന്മാർ പറയുന്നത്

കാലം കടന്നുപോവുകയും സഭ വളരുകയും ചെയ്തതോടെ ഉപവിപ്രവർത്തനം സഭയുടെ സുപ്രധാനമായ പ്രവർത്തനങ്ങളിൽ ഒന്നായി അംഗീകരിക്കപ്പെടുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തു. കൂദാശകളുടെ അനുഷ്ഠാനം, വചനപ്രഘോഷണം എന്നിവയോടൊപ്പം ഉപവിപ്രവർത്തനവും നിലനിന്നു: വിധവകളോടും അനാഥരോടും, തടവിൽ കഴിയുന്നവരോടും, രോഗികളോടും, എല്ലാത്തരത്തിലുള്ള ആവശ്യങ്ങളിൽ കഴിയുന്നവരോടുമുള്ള സ്നേഹം കൂദാശകളുടെ ശുശ്രൂഷപോലെയും സുവിശേഷപ്രഘോഷണം പോലെയും സഭയ്ക്ക് സുപ്രധാനമായിത്തീർന്നു. കൂദാശകളും വചനവും സഭയ്ക്ക് ഉപേക്ഷിക്കാനാവുകയില്ലാത്തതുപോലെതന്നെ ഉപവിപ്രവർത്തനവും അവൾക്ക് ഉപേക്ഷിക്കാനാവില്ല.‘ ’(ദൈവം സ്നേഹമാകുന്നു ഉജ്ജ 22).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെയെല്ലാം മാതൃക ഈശോയാണ്.

* സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണ് ഇതിലൂടെ പ്രകടമാകുന്നത്.



* അനാഥർ, വയോവൃദ്ധർ, രോഗികൾ, മരണാസന്നർ, അംഗവൈകല്യമുള്ളവർ, ബുദ്ധിമാന്ദ്യം ഉള്ളവർ, മാനസികരോഗികൾ, ചൂഷണത്തിനിരയാകുന്നവർ, എയിഡ്സ് രോഗികൾ തുടങ്ങി സമൂഹത്തിലെ അവഗണിക്കപ്പെട്ടവരും വേദനിക്കുന്നവരുമായ എല്ലാവരെയും സഭ സഹായിക്കുന്നു.



* പ്രാർത്ഥിച്ചും, ചെറിയ ത്യാഗങ്ങളിലൂടെ സമ്പാദിക്കുന്ന പണം സംഭാവന ചെയ്തും ആതുരാലയങ്ങളും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങൾ സന്ദർശിച്ചും നമുക്കും സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കുചേരാം.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സമൂഹത്തിൽ അവഗണിക്കപ്പെട്ടവരോട് പരിഗണന.

* അവരെ ഏതെങ്കിലുമൊക്കെ വിധത്തിൽ സഹായിക്കാനുള്ള സന്നദ്ധത.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* സമൂഹത്തിൽ പിന്നോക്കാവസ്ഥ പുലർത്തുന്ന വരെ പ്രത്യേകമായി പരിഗണിക്കുന്നു.

* അവരെ സഹായിക്കാൻ മുൻകൈ എടുക്കുന്നു.




THANK
YOU